(എഫ്) മീറ്റിംഗ് നടത്തിയിട്ടുണ്ട്. മീറ്റിംഗിൽ പങ്കെടുത്തവരുടെ പട്ടികയും മിനിട്സിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ജി) പാലിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത വർക്കുമായി ബന്ധപ്പെട്ട് 25-6-2014-ലെ മീറ്റിംഗിൽ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ തീരുമാനമെടുത്തെങ്കിലും ടി പ്രവൃത്തിയുടെ ആദ്യത്തെ ടെണ്ടർ ക്ഷണിച്ചതിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തു.

25-9-2014-ലെ ബോർഡ് മീറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് 11-11-2014-ൽ പ്രസ്തുത വർക്കിന് ലഭിച്ച ടെണ്ടർ ക്യാൻസൽ ചെയ്ത് റീടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചത്. അകാരണമായ കാലതാമസം ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടായിട്ടില്ല.

പഞ്ചായത്തിൽ ഒരു കുളം പദ്ധതി

192 (2747) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ പഞ്ചായത്തിലും ഓരോ കുളങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുപ്രകാരം എത്ര കുളങ്ങൾ സംരക്ഷിച്ചിട്ടുണ്ടെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) എന്ത് തുക ഇതിനായി വകയിരുത്തിയിട്ടുണ്ട് ; ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതി പ്രകാരം 354 കുളങ്ങളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൂർത്തിയായ കുളങ്ങളുടെ എണ്ണം നിയോജക മണ്ഡലാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ 119 കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തിയായി. ബാക്കിയുള്ളവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതിക്കായി 72.758 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നാളിതുവരെ 7.65 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്.

ജലഅതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി

193 (2748) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) പദ്ധതികളുടെ വിതരണശേഷി വർദ്ധിപ്പിക്കുവാനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമായി മോണിറ്റർ ചെയ്യാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും സമയബന്ധിതമായി തീർക്കുന്നതിനും പ്രത്യേകം പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ടാസ്ക് ഫോഴ്സ് മീറ്റിംഗുകൾ വിവിധ തലങ്ങളിൽ നടത്തിവരുന്നു. ബൃഹത് പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കാൻ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. പദ്ധതികളുടെ പ്രവൃത്തികളെ പാക്കേജുകളാക്കി ടെണ്ടർ ചെയ്താണ് പൂർത്തീകരിക്കുന്നത്. ഇതിന്റെ മേൽനോട്ടത്തിനായി ജല അതോറിറ്റി തലത്തിലും ജനപ്രതിനിധികൾ മുഖേനയും സർക്കാർ തലത്തിലും കമ്മിറ്റികൾ രൂപീകരിച്ച് വിവിധ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി അംഗീകാരം നൽകി കാലതാമസങ്ങൾ ഒഴിവാക്കി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളുടെ സ്രോതസ്സുകളെ മെച്ചപ്പെടുത്തിയും ആവശ്യമായ പദ്ധതികളിൽ പുതിയ സ്രോതസ്സുകൾ സ്ഥാപിച്ച് കേടായ പമ്പ് സെറ്റുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും മാറ്റിവച്ചും സാദ്ധ്യമായ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ് ലൈനുകൾ നീട്ടിയും ജലവിതരണം കാര്യക്ഷമമാക്കാറുണ്ട്. പദ്ധതിയുടെ പ്രവൃത്തികൾ നിശ്ചിത സമയങ്ങളിൽത്തന്നെ ചെയ്ത് തീർക്കുന്നുണ്ട്. കൂടാതെ സ്മാർട്ട് ബാൾ, സ്മാഡാ എന്നീ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly